# ദൈവകൃപയാൽ കൊച്ചി മെത്രാസന ഇടവകയുടെ ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ഭദ്രാസനത്തിലെ എല്ലാ പള്ളി വികാരിമാരും, സഹവികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈസ്ഥാനികളും, ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്

കർത്താവിൽ വാൽസല്യമുള്ളവരെ,

സഭയിലെ പാവപ്പെട്ടവരും, നിർദ്ധനരുമായ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിനുള്ള സഹായം നൽകുന്നതിനായി നമ്മുടെ എറണാകുളം സെന്റ്. മേരീസ് കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ 2010–ൽ ആരംഭിച്ച **സ്നേഹനിധി – ജോസഫ് മാർ പക്കോമിയോസ് മെമ്മോറിയൽ ഫണ്ട്** – കഴിഞ്ഞ നാല് ഭദ്രാസനങ്ങളിലായി 89 കുട്ടികൾക്ക് (ആകെ 14.5 ലക്ഷം രൂപ) പഠനസഹായം നൽകി എന്നതിൽ സന്തോഷിക്കുകയും, ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. കാലം ചെയ്ത അഭി. ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ ഓർമ്മ നിലനിർത്തുന്നതിലേക്കായി ആരംഭിച്ചിട്ടുള്ള ഈ പദ്ധതിയിൽ ഈ വർഷം, കൊച്ചി, കണ്ടനാട് ഈസ്റ്റ്, കണ്ടനാട് വെസ്റ്റ്, അങ്കമാലി എന്നീ ഭദ്രാസനങ്ങളിൽപ്പെട്ട BDS, BSc, Nursing, Engineering Degree & Diploma, B.Pharm, D.Pharm എന്നീ കോഴ്സുകളിൽ പഠിക്കുന്ന നമ്മുടെ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. വിശദവിവരങ്ങളും അപേക്ഷാഫോറവും ഇടവക വികാരിയിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷാഫോറങ്ങൾ ജൂലൈ 31 നകം സ്നേഹനിധി ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. അതിനുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ

2016 ജൂൺ 19 ന്

കൊരട്ടി സീയോൻ സെമിനാരിയിൽനിന്ന്

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത**

## സ്നേഹനിധി സ്കോളർഷിപ്പ് വിതരണം – ഓഗസ്റ്റ് 20

ഭാഗ്യസ്മരണാർഹനായ അഭി. ജോസഫ് മാർ പക്കോമിയോസ് തിരുമേനിയോടുള്ള ആദരസൂചകമായി സമാരംഭിച്ച 'സ്നേഹനിധി' ഏഴാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. ഓരോ വർഷവും വളർന്നുകൊണ്ടിരിക്കുന്ന ഈ സംരംഭം നമ്മുടെ ഇടവകാംഗങ്ങളുടെ മാത്രം പരിലാളനയിലാണ് നടന്നുവരുന്നത്. ഇതിനായി പ്രാർത്ഥനയിലൂടെയും, സാമ്പത്തികമായും, പ്രവർത്തനത്തിനു വേണ്ട നിർദ്ദേശങ്ങൾ നൽകിയും സഹായിച്ച എല്ലാവരോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നതിനോടൊപ്പം, തുടർന്നുള്ള നാളുകളിൽ നമുക്ക് ഈ സംരംഭം വിപുലപ്പെടുത്തുവാൻ എല്ലാവരും സഹകരിക്കണമെന്നും താൽപര്യപ്പെടുന്നു.

'സൂര്യന് ചെയ്യാൻ പറ്റാത്ത കാര്യം ചിലപ്പോൾ ഒരു മെഴുകുതിരിക്ക് ചെയ്യാൻ സാധിക്കും – രാത്രിയിൽ പ്രകാശിക്ക എന്നത്'. പലപ്പോഴും മറ്റ് ഇടവകകൾക്ക് ചെയ്യാൻ തോന്നാത്ത ഇത്തരം അർഹിക്കുന്നവർക്കുള്ള സഹായം നമുക്ക് ചെയ്യാൻ സാധിക്കുന്നുണ്ടല്ലോ. മറ്റുള്ളവരുടെ ഇടയിൽ നമുക്കുള്ള പ്രഥമസ്ഥാനം ജീവകാരുണ്യപ്രവർത്തനത്തിലൂടെ നമുക്ക് പ്രകടമാക്കാൻ കഴിയണം. ഇപ്പോൾ നാലു ഭദ്രാസനങ്ങളിലായി ഏകദേശം 100 പള്ളികളിലെ അംഗങ്ങൾക്ക് പ്രയോജനപ്പെടുന്ന ഈ സംരംഭം സഭയുടെ കേരളത്തിലുള്ള എല്ലാ പള്ളികൾക്കും ബാധകമാക്കി നമൊക്കൊരു മാതൃക കാട്ടുവാൻ ശ്രമിക്കരുതോ? നാം ചെറുതായി ചിന്തിക്കാതെ വലിയ കാര്യങ്ങൾ സ്വപ്നം കാണേണ്ടിയിരിക്കുന്നു. ■






Editorial Board : K.K. George (94470 40484), V.N. Philipose, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490





PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 10 ISSUE : 08 AUGUST 2016

എഡിറ്റോറിയൽ

## നന്മ മാത്രം കാണുക

"നുകവും വിരൽചൂണ്ടുന്നതും വഷളത്വം സംസാരിക്കുന്നതും നീ നിന്റെ നടുവിൽ നിന്നു നീക്കിക്കളയുകയും, വിശപ്പുള്ളവനോട് നീ താൽപര്യം കാണിക്കുകയും കഷ്ടത്തിൽ ഇരിക്കുന്നവനു തൃപ്തി വരുത്തുകയും ചെയ്യുമെങ്കിൽ നിന്റെ പ്രകാശം ഉള്ളിൽ ഉദിക്കും" (യെശ 58: 9,10).

'മനുഷ്യ സഹജം' എന്നു വിശേഷിപ്പിക്കാവുന്ന ഒരു ദുഷ്പ്രവർത്തിയിൽ നാമും ചിലപ്പോൾ പങ്കാളികളാവാറുണ്ട്. മൂന്നോ നാലോ പേർ എവിടെ കൂടിയാലും അത് മറ്റുള്ളവരെ കുറ്റം പറയാനുള്ള ഒരു സദസ്സായി തീരാറുണ്ടല്ലോ. ദൈവിക കാര്യങ്ങൾ ചർച്ച ചെയ്യാനുള്ള ഇടവകപ്പള്ളികൂട്ടങ്ങളായാൽപോലും നാം കാണുന്നത് ഇതു തന്നെയാണ്. ഇതിനൊരു മാറ്റമുണ്ടാകാൻ നമുക്കു ശ്രമിക്കേണ്ടിയിരിക്കുന്നു. ബാക്കിയുള്ളവരിലെ 'നന്മ' കാണുവാൻ കഴിയുമോ എന്നു ചിന്തിക്കണം. തൂക്കിലേറ്റാൻ വിധിക്കപ്പെട്ട ഒരു കൊലപാതകിയുടെ കഥ വായിച്ചതോർക്കുന്നു. തൂക്കുമരത്തിലേക്കു കൊണ്ടുപോകുന്നതിനു മുമ്പ് അവരുടെ അവസാന ആഗ്രഹം ചോദിക്കുന്ന ഒരു പതിവുണ്ട്. നമ്മുടെ കഥാപുരുഷന്റെ ആഗ്രഹം അവന്റെ അവയവങ്ങൾ ദാനം ചെയ്യണമെന്നായിരുന്നു. ഇങ്ങിനെയുള്ള കാര്യങ്ങൾ കേൾക്കുമ്പോൾ നാം മനസ്സിലാക്കേണ്ടത് ദുസ്വഭാവിയായാൽപോലും അവനിലും നന്മയുടെ ഒരു കണികയെങ്കിലും കാണുമെന്നാണ്. പരദൂഷണം കലയാക്കി മാറ്റിയിരിക്കുന്നവർ അവരുടെ ഇരകൾക്കുള്ള നന്മ കാണുവാൻ പരിശ്രമിച്ചാൽ സമൂഹത്തിന് അത് വലിയ പ്രയോജനമായിരിക്കും.

പലപ്പോഴും നമ്മുടെതന്നെ കുറ്റങ്ങളും, കുറവുകളുമായിരിക്കും നാം മറ്റുള്ളവരിൽ ആരോപിക്കുവാൻ ശ്രമിക്കുന്നതെന്നു കാണാം. നല്ല കാര്യങ്ങൾ ചിന്തിക്കുകയും, നല്ല പ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്ന സമൂഹമെന്ന നിലയിൽ മാത്രമെ ക്രിസ്തുമതത്തിന് നിലനിൽക്കുവാൻ കഴിയുകയുള്ളൂ. യേശുക്രിസ്തു പഠിപ്പിച്ചു തന്നിട്ടുള്ള കാര്യങ്ങൾ ചെയ്ത്, യേശുവിനെപ്പോലെയാകണമെന്ന് കുഞ്ഞുങ്ങൾക്ക് നാം ഉപദേശം കൊടുക്കാറുണ്ടല്ലോ. എന്നാൽ ഉപദേശമല്ല നമ്മുടെ പ്രവർത്തികളാണ് കുഞ്ഞുങ്ങൾ കൂടുതൽ എളുപ്പത്തിൽ പകർത്താൻ ശ്രമിക്കുന്നത്. തന്നെയുമല്ല, നന്മയെക്കാളും കൂടുതൽ അവരെ ആകർഷിക്കുന്നത് പലപ്പോഴും പ്രായമുള്ളവർ ചെയ്യുന്ന തിന്മപ്രവർത്തികളായിരിക്കും. അതുകൊണ്ട് നമ്മുടെ കുഞ്ഞുങ്ങൾ നല്ലവരായി വളരുകയും, അങ്ങിനെ നല്ലൊരു പുതുതലമുറയെ വളർത്തിയെടുക്കുകയും ചെയ്യണമെങ്കിൽ നാം നന്മയുള്ളൊരു ജീവിതം നയിക്കുകയും, മറ്റുള്ളവരിലെ നന്മ മാത്രം കാണുവാൻ ശ്രമിക്കുകയും ചെയ്യണം.

*(ശേഷം 2–ാം പേജിൽ)*

ഇടയ ലേഖനം

## പ്രാർത്ഥിപ്പാൻ നിൽക്കുമ്പോൾ....

**ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത**



"നീ പ്രാർത്ഥിപ്പാൻ നിൽക്കുമ്പോൾ, സങ്കടപൂർവ്വം നിന്റെ ചിന്തകളെ ഏകാഗ്രമാക്കുക. നിന്റെ വിചാരങ്ങൾക്കു കടിഞ്ഞാണിട്ട്, നിന്റെ ഹൃദയത്തിലേക്ക് അവയെ നിയന്ത്രിക്കുക." – കാനോനാ നമസ്ക്കാരം; തിങ്കളാഴ്ച സൂത്താറായുടെ ബോവൂതോ)

'പ്രാർത്ഥന'യെന്നാൽ, ശബ്ദ–വികാര പ്രകടനമാണെന്നു ധരിച്ചവർക്കു തെറ്റി. സാമാന്യമായ വിചാര–വികാരങ്ങൾ നിയന്ത്രിക്കാതെ പ്രാർത്ഥനക്കൊരുമ്പെടുന്നത് വിഫലമാണ്. പ്രാർത്ഥിക്കാൻ പ്രേരണ തരുന്നതും, 'പ്രാർത്ഥിപ്പിക്കുന്ന'തും ദൈവാത്മാവാണ്. സത്യദൈവത്തെ ആരാധിക്കുന്നു എന്ന ബോദ്ധ്യവും വേണം. 'ആത്മാവിലും സത്യത്തിലും ആരാധിക്കണ'മെന്നാണ് ലോകരക്ഷകന്റെ ആദേശം (യോഹ. 4:24). അറിയുന്നതിനെ, അതേ അറിവിൽ ആരാധിക്കുന്നതാണ് പ്രാർത്ഥന. 'ദൈവത്തെ അറിഞ്ഞിരിക്കുന്നു' എന്നതിന്റെയർത്ഥം ധ്യാനപൂർവ്വം ചിന്തിക്കേണ്ടതാണ്. അറിയാത്തതിനെ ആരാധിക്കുന്നത് പ്രയോജനരഹിതം. അത്തരം 'അറിവ്' ആരാധനയ്ക്ക് അർത്ഥം നൽകുന്നു.

പ്രാർത്ഥനയ്ക്കുള്ള ഒരുക്കമെങ്ങനെയിരിക്കണമെന്ന്, മേൽപ്രസ്താവിച്ച ഭാഗം വർണ്ണിക്കുന്നു.

**1. പ്രാർത്ഥിക്കുവാൻ 'നില്ക്കുകയാണ്'**

മാലാഖമാർ നിരന്തരമായി 'ആരാധനയ്ക്കു യോഗ്യ'നായ ദൈവത്തെ ആരാധിക്കുന്നത് നിന്നുകൊണ്ടാണ് (ലൂക്കോ 1:19). ബഹുമാന്യനായ ഒരാളിന്റെ സന്നിധിയിൽ സാധാരണയായി (അനുവാദം കൂടാതെ) ഇരിക്കുകയില്ലല്ലൊ. ഈ തത്വം വിശേഷിച്ച് പൗരസ്ത്യ ആരാധനയിൽ സ്വീകരിച്ചിരിക്കുന്നു. ദൈവസന്നിധിയിൽ ദൈവപുത്രന്മാർ 'നില്ക്കു'ന്നത് (ഇയ്യോ 1:6) ആരാധനയെ സൂചിപ്പിക്കുന്നു. നില്ക്കുന്ന നില മനുഷ്യന്റെ യഥാർത്ഥരൂപം വെളിപ്പെടുത്തുന്നതാണ്. 'വീണുകിടന്ന' മനുഷ്യനെ, തന്റെ പുനരുത്ഥാനം വഴി എഴുന്നേല്പിച്ചു നിർത്തിയത് ദൈവം.

**2. അനുതാപം**

ആരാധനയ്ക്കു നില്ക്കുമ്പോൾ, പ്രഥമമായി, ആരാധകന്റെ ഹൃദയത്തിൽ തെളിയേണ്ടത് തന്റെ അശുദ്ധിയും അയോഗ്യതയുമാണ്. എല്ലാ ആരാധനയുടെയും തുടക്കം അനുതാപം തന്നെ. ആരാധനകളുടെ തുടക്കത്തിൽ, അനുതാപസങ്കീർത്തനം (സങ്കീ.51) ഉരുവിടുന്നത് ശ്രദ്ധിക്കുക. ഒഴിഞ്ഞുവരുന്നവനു മാത്രമെ, നിറവിൽ തിരികെപോകാനാകൂ. ഉദാ: ചുങ്കക്കാരന്റെ പ്രാർത്ഥന: (ലൂക്കോ. 18: 9 – 14) അനുതാപത്തോടുകൂടിയ പ്രാർത്ഥനയ്ക്കു ദൃഷ്ടാന്തമാണ് നെഹ. 1:6

**3. ഏകാഗ്രത**

സാധാരണയായി മനുഷ്യന്റെ മനസ്സ് (ചിത്) പല കാര്യങ്ങളിൽ മാറിമാറി വ്യാപരിച്ചുകൊണ്ടിരിക്കും. എന്നാൽ സൃഷ്ടി

*(ശേഷം 2–ാം പേജിൽ)*

## വികാരിയുടെ കത്ത്

**ഫാ.ബിജു എബി മാത്യൂസ്**



സഭയുടെ ആരാധനാ വർഷത്തിൽ വി. ദൈവ മാതാവിനോടുള്ള പ്രത്യേക മദ്ധ്യസ്ഥതയ്ക്കുവേണ്ടി ക്രമീകരിക്കപ്പെട്ടിരിക്കുന്ന കാലഘട്ടത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. വി. ദൈവ മാതാവിന്റെ വാങ്ങിപ്പുപെരുന്നാളിനോട് അനുബന്ധിച്ച് പതിനഞ്ചു നോമ്പ് സഭ ക്രമീകരിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ, വി. മറിയാമിന്റെ ജീവിതവുമായി ബന്ധപ്പെട്ട ചിന്തകൾ പങ്കുവയ്ക്കുന്നു.

രക്ഷകൻ 'സ്ത്രീയുടെ സന്തതി'യായി ജനിക്കുമെന്ന് ഏദൻ പറുദീസയിൽ വച്ചുതന്നെ പ്രഖ്യാപിക്കപ്പെട്ടവൾ, ജനനംമുതൽതന്നെ അതിനായി വേർതിരിക്കപ്പെട്ടവൾ ആയിരുന്നു മറിയം. ആയതിനാൽ ക്രിസ്തീയ പാരമ്പര്യത്തിൽ മറിയാമിനുള്ള സ്ഥാനം അതുല്യമാണ്. എന്നാൽ യേശുക്രിസ്തുവിനേക്കാൾ പ്രാധാന്യം മറിയാമിനു നൽകാനും സഭാ പാരമ്പര്യം അനുവദിക്കുന്നില്ല.

സുവിശേഷവചനം ശ്രവിച്ച ആദ്യത്തെ വ്യക്തിയാണ് മറിയം. ദൈവവചനം കേൾക്കുകയും അതനുവർത്തിക്കാൻ സന്നദ്ധത പ്രകടിപ്പിക്കുകയും വചനാധിഷ്ഠിത ജീവിതം നയിക്കുകയും ചെയ്തു. അബ്രഹാം, മോശ, പ്രവാചകന്മാർ എന്നിവരെപ്പോലെ കർത്താവിന്റെ ദാസിയായ മറിയം ദൈവത്തിന്റെ വിളിക്ക് നിയതമായ പ്രത്യുത്തരം നൽകി. സ്വന്തം ഇച്ഛാശക്തിയും സ്വാതന്ത്ര്യവും, യഥാർത്ഥ ദൈവീക സ്വാതന്ത്ര്യം അനുഭവിക്കുന്നതിനുവേണ്ടി ദൈവ തിരുമുമ്പിൽ അടിയറവച്ചു. വിശ്വാസമില്ലാതെ ദൈവത്തെ പ്രസാദിപ്പിക്കുക സാധ്യമല്ലെന്ന് മറിയാമിനറിയാം. അതിനാൽ അവൾ പൂർണ്ണമനസ്സോടെ ദൈവതിരുമനസ്സിനു കീഴ്പ്പെടുന്നു.

ക്രിസ്തീയ സമൂഹത്തിലെ മൂലശക്തിയായ പരിശുദ്ധാത്മാവ് ആദ്യമെ മറിയാമിൽ പ്രവർത്തിച്ചു തുടങ്ങിയത്, സഭയിലെ ആത്മാവിന്റെ പ്രവർത്തനത്തിന്റെ നാന്ദി കൂടിയാണ്. ലൂക്കോ 1:31 ഉം യോഹ. 1:14 ഉം ഒരുമിച്ചു കണക്കാക്കുകയാണെങ്കിൽ വചനം മാംസമായി നമ്മുടെ ഇടയിൽ അവതരിച്ചത്, ആദ്യം മറിയാമിന്റെ മാതൃത്വം പോലെതന്നെ അവളുടെ കന്യാകത്വവും വേദപുസ്തകാധിഷ്ഠിതമാണ് (മത്താ. 1:12 –25; ലൂക്കോ 1:34). പുരുഷബന്ധം കൂടാതെ ദൈവപുത്രനു ജന്മ നൽകിയവളാണു മറിയം. അതിനു ശക്തി പകർന്നത് പരിശുദ്ധാത്മാവാണ്. ദൈവീക ശക്തിയുടെ ആവാസമാണ് അത്ഭുതകരമായ ജനനത്തിനു നിദാനമായി വർത്തിച്ചത്. മറിയാമിന്റെ ദൈവമാതൃത്വവും നിത്യകന്യകാത്വവും മനുഷ്യബുദ്ധിക്ക് ഗ്രഹിക്കാൻ സാധിക്കാത്ത വലിയ രഹസ്യങ്ങളാണ്. എന്നാൽ വിശുദ്ധ ഗ്രന്ഥത്തിന്റെ അടിത്തറയിൽ വളർന്നിട്ടുള്ള ദൈവശാസ്ത്ര നിരീക്ഷണങ്ങളുമാണ്.

പിതാവിന്റെ സന്നിധിയിലുള്ള ഏക മദ്ധ്യസ്ഥനായ യേശുമിശിഹായ്ക്ക് ജന്മം നൽകിയ മറിയാമിനുള്ള അദ്വിതീയ മാദ്ധ്യസ്ഥ ശക്തിയിൽ അഭയം പ്രാപിച്ച് ആത്മീയ ഉന്നതി പ്രാപിക്കുവാൻ നമുക്ക് സംഗതിയാകട്ടെ. ■

*(ഇടയലേഖനം തുടർച്ച)*

പരവും ക്രിയാത്മകവുമായി ചെയ്യുന്നതിന് 'ശ്രദ്ധ' അനിവാര്യമാണ്. ഏകാഗ്രത എന്നാൽ, മുഴുവൻ ശ്രദ്ധയും ഒരു സംഗതിയിൽ തന്നെ കേന്ദ്രീകരിക്കുന്നതാണ്. പ്രാർത്ഥനക്കു നിൽക്കുമ്പോൾ ശ്രദ്ധ മുഴുവൻ, 'ശ്രദ്ധാകേന്ദ്ര'മായി ദൈവത്തിൽത്തന്നെയായിരിക്കണം. 'ശ്രദ്ധ' എന്നാൽ 'ഭക്തി' 'ആദരവ്' എന്നും അർത്ഥമുണ്ട്.

**4. ചിന്തകൾക്ക് കടിഞ്ഞാൺ**

ശ്രദ്ധയും ഏകാഗ്രതയും നേടുന്നതിന് ചഞ്ചലമായ മനസ്സിലെ മിന്നിമറയുന്ന ചിന്തകൾക്ക് നിയന്ത്രണം ഏർപ്പെടുത്തേണ്ടതുണ്ട്. ചിന്തകൾ നല്ലതും ചീത്തയുമുണ്ടാകും. പ്രധാനമായി, മുന്നനുഭവങ്ങളിൽ നിന്നാണ് ചിന്തകൾ ഉടലെടുക്കുന്നത്. കാഴ്ച, കേഴ്‌വി, വായന, സംസാരം മുതലായവയെല്ലാം സംശുദ്ധമായാൽ മാത്രമെ സത്ചിന്തകൾ ജനിക്കുകയുള്ളൂ. എല്ലാത്തരം ചിന്തകളെയും മാറ്റിവച്ച് മനസ്സ് ശൂന്യമാക്കുമ്പോൾ പ്രാർത്ഥനയ്ക്ക് 'ഭൂമിക' ഉണ്ടാകുന്നു.

**5. ഹൃദയത്തിലേക്ക്**

ഹൃദയം ആത്മീകതയുടെ താവളമായി കരുതപ്പെടുന്നു. ബുദ്ധിയെ ഹൃദയത്തിലേക്ക് കൊണ്ടുവരണമെന്നാണു ശാസനം. അപ്പോൾ 'ഹൃദയശുദ്ധീകരണ'ത്തിന് സാദ്ധ്യതയുണ്ടാകുന്നു. ബുദ്ധികൊണ്ടെന്നതിനേക്കാൾ, ഹൃദയത്തിൽ നിന്നാണ് പ്രാർത്ഥന ഉതിരേണ്ടത്. (സാധാരണയായി, ശാസ്ത്രീയമായി) അറിയപ്പെടുന്ന നാല് അറകളുള്ള ഹൃദയ (heart)ത്തെയല്ല ഇവിടെ വിവക്ഷിക്കുന്നത്. മറിച്ച് വിചാര–വികാരങ്ങളുടെ ഉറവിടത്തെയാണ്).

പ്രാർത്ഥനയെപ്പറ്റിയുള്ള ഈ ഉപദേശം നമുക്കു ശ്രദ്ധിക്കാം. ■

*(എഡിറ്റോറിയൽ തുടർച്ച)*

പലയാളുകളും അവരുടെ ഓർമ്മ മരണശേഷം നിലനിർത്തുവാൻവേണ്ടി, ജീവിച്ചിരിക്കുമ്പോൾ തന്നെ സ്മാരകങ്ങൾ ഉണ്ടാക്കാറുണ്ടല്ലോ. ഇങ്ങിനെയുള്ള പ്രതിമകളും, ഫലകങ്ങളും പലതും അവഗണിക്കപ്പെട്ട് കിടക്കുന്നത് നമുക്കു കാണാം. അതേ സമയം, മഹാത്മാഗാന്ധിയേപ്പോലുള്ളവരുടെ ഓർമ്മ ഒരു സ്മാരകവുമില്ലാതെ നമ്മുടെ മനസ്സിൽ പതിഞ്ഞു കിടക്കുന്നുണ്ടല്ലോ. അതിനു കാരണം അവരുടെ ജീവിതവും, അവർ ജീവിച്ചിരുന്നപ്പോഴത്തെ പ്രവർത്തികളുമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. അവരുടെ ജീവിതത്തിന്റെ ഓർമ്മ ഫലകങ്ങളിലോ, പ്രതിമകളിലോ ഒതുക്കി നിർത്താൻ പറ്റുന്നതുമല്ലല്ലോ. മറ്റുള്ളവരിലെ നന്മ കാണുകയും, അത് സമൂഹത്തിന് പ്രയോജനകരമാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നവരുടെ ഓർമ്മ എന്നും നിലനിൽക്കും. ■

## വിവാഹം

ചേരാനല്ലൂർ പുത്തൻപുരയ്ക്കൽ ശ്രീ. പി.ആർ. ഫിലിപ്പിന്റെയും ശ്രീമതി ശോഭാ ഫിലിപ്പിന്റെയും മകൻ **എബി ജേക്കബ് ഫിലിപ്പും** അയ്യപ്പൻകാവ് ചെറുപള്ളിതറയിൽ ശ്രീ. സണ്ണി സി. ജോണിന്റെയും (സഖറിയ) ശ്രീമതി ഷേർലി സഖറിയയുടെയും മകൾ **റിനി സഖറിയയും** തമ്മിലുള്ള വിവാഹം അഭി. ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ 10-7-2016 ൽ കത്തീഡ്രലിൽ നടന്നു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## നിര്യാതയായി

അയ്യപ്പൻകാവ് പുലിക്കോട്ടിൽ **അമ്മിണി ജോബ്** (70 വയസ്), 29-7-2016 ൽ നിര്യാതയായി. 28-7-16 ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*

## വിശേഷ ദിവസങ്ങൾ

| | | |
|---|---|---|
| ഓഗസ്റ്റ് | 15 തിങ്കൾ | പതിനഞ്ചു നോമ്പുവീടൽ, വി. ദൈവ മാതാവിന്റെ വാങ്ങിപ്പു പെരുന്നാൾ |
| | 19 വെള്ളി | ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ ഓർമ്മ |
| സെപ്റ്റംബർ | 1 വ്യാഴം | എട്ടു നോമ്പാരംഭം |





## സാമുവൽ അച്ചന് ആദരാഞ്ജലികൾ



നമ്മുടെ ഇടവകയിൽ 1965 നും 1971 നും മദ്ധ്യേ സേവനം അനുഷ്ഠിച്ചിരുന്ന സാമുവൽ അച്ചൻ (82) , ബെംഗളുരുവിൽ മകന്റെ വീട്ടിൽ നിര്യാതനാകുകയും മൃതശരീരം ജൂലൈ 29-ാം തീയതി വെള്ളിയാഴ്ച കത്തീഡ്രലിൽ കൊണ്ടുവരുകയും, ഇടവകാംഗങ്ങൾ ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു. സംസ്ക്കാരശുശ്രൂഷയുടെ രണ്ടാംശുശ്രൂഷ അഭി. ഐറേനിയോസ്, അഭി. പോളി കാർപ്പോസ് എന്നീ തിരുമേനിമാരുടെ കാർമ്മികത്വത്തിൽ നടന്നു. സമീപ പള്ളികളിലെ വൈദികരും സാമുവൽഅച്ചന്റെ സ്നേഹാദരങ്ങൾ പിടിച്ചുപറ്റിയിട്ടുള്ള ധാരാളം സഭാംഗങ്ങളും അന്നു രാവിലെ 6 മണിമുൽ 7.30 വരെ കത്തീഡ്രലിൽ നടന്ന ശുശ്രൂഷകളിൽ പങ്കെടുത്തു.

രാവിലെ 5.30 ന് എത്തിയ ഭൗതികശരീരം പൊതുദർശനവും, അനുശോചന പ്രസംഗങ്ങളും, സംസ്ക്കാരത്തിന്റെ രണ്ടാം ശുശ്രൂഷയും തികച്ച്, ഏകദേശം 8.00 മണിയോടുകൂടി അച്ചന്റെ സ്വദേശമായ ചന്ദനപ്പള്ളിയിലേക്കുള്ള വിലാപയാത്ര ആരംഭിച്ചു.

### കത്തീഡ്രൽ ഫാമിലി അസോസിയേഷൻ

ജൂലൈ 23-ാം തീയതി ശനിയാഴ്ച 4 മണിക്ക് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഫാമിലി അസോസിയേഷന്റെ വാർഷിക പൊതുയോഗം നടന്നു. പ്രസ്തുത യോഗത്തിൽ അസി. വികാരി ഫാ. സൈമൺ ജോസഫ് അദ്ധ്യക്ഷത വഹിക്കുകയുണ്ടായി. വർക്കിങ് പ്രസിഡന്റ് ശ്രീ. ചാർളി സൈമണിന്റെ സ്വാഗത പ്രസംഗത്തിൽ മേയ് മാസത്തിൽ നടന്ന കുട്ടികളുടെ വ്യക്തിത്വ വികസന ക്യാമ്പിന്റെ വിജയത്തെക്കുറിച്ച് പരാമർശിക്കുകയുണ്ടായി. സെക്രട്ടറി ശ്രീ. ചെറിയാൻ കോര വാർഷിക റിപ്പോർട്ടും, ട്രഷറർ ശ്രീ. ടി.ജെ. ചാക്കോ ഓഡിറ്റഡ് വാർഷിക വരവുചിലവു കണക്കുകളും അവതരിപ്പിച്ചു. പുതിയ ഭാരവാഹികളായി പ്രസി. ഫാ. ജിജു വർഗ്ഗീസ്, വർക്കിങ് പ്രസി. ശ്രീ. സണ്ണി ജോൺ, വൈ. പ്രസി. ശ്രീമതി മായാ മാത്യു, സെക്ര. ശ്രീ. സാം ജോർജ്ജ്, ജോ.സെക്ര. ശ്രീമതി ലതാ സൈമൺ, ട്രഷറർ ശ്രീ. ഈശോ മാർക്കോസ്, കമ്മിറ്റി അംഗങ്ങൾ ശ്രീമാൻമാരായ കെ.വി. സെറ്റയിൻ മാത്യു കുര്യൻ, ഏലിയാസ് വർഗ്ഗീസ്, ഇ.എം. ജോർജ്ജ്, ചെറിയാൻ കോര, ചാർളി സൈമൺ (Ex. Officio), ശ്രീമതി ആലിസ് ജേക്കബ്, പ്രത്യേക ക്ഷണിതാക്കളായി ശ്രീ. തോമസ് പോൾ, ശ്രീ. ബാബു മാത്യു, ശ്രീ. ടി.ജെ. ചാക്കോ, ശ്രീമതി എൽസി ജോബ്, ഓഡിറ്ററായി ശ്രീ. സാജു പനയ്ക്കൽ എന്നിവരെ തിരഞ്ഞെടുത്തു.

നമ്മുടെ പള്ളി ശുശ്രൂഷകനായ ശ്രീ. എബിന് ഡിഗ്രി പഠന സഹായമായി 5,000 രൂപ നൽകുകയുണ്ടായി. ആറ് മണിക്ക് ചായ സൽക്കാരത്തോടെ യോഗം പര്യവസാനിച്ചു.

### നവതി – ഭവന നിർമ്മാണം



നവതി ആഘോഷത്തോടനുബന്ധിച്ച് രണ്ടാമത്തെ ഭവന നിർമ്മാണത്തിന് നമ്മുടെ ഇടവകയിലെ ജോൺ സാമുവേലിന് വികാരി ജിജു വർഗ്ഗീസ് അച്ചൻ ആദ്യ ഗഡുവായ ഒരു ലക്ഷം രൂപയുടെ ചെക്ക് കൈമാറുന്നു.

### സംയുക്ത പ്രാർത്ഥനയും മാനവ ശാക്തീകരണ ഉദ്ഘാടനവും





കത്തീഡ്രലിലെ സംയുക്ത പ്രാർത്ഥനയും കൊച്ചി ഭദ്രാസന മാനവ ശാക്തീകരണത്തിന്റെ പ്രൊജക്ട് ഉദ്ഘാടനവും 31-7-2106 ഞായറാഴ്ച വൈകിട്ട് 4 മണിക്ക് കത്തീഡ്രലിൽ നടന്നു. സംയുക്ത പ്രാർത്ഥനയിലെ പ്രധാന പ്രാസംഗികനും പ്രൊജക്ട് ഉദ്ഘാടകനും കോട്ടയം മെഡിക്കൽ കോളേജിലെ ഡോ. വർഗ്ഗീസ് പുന്നൂസ് ആയിരുന്നു.

### ചികിത്സാ സഹായം

മർത്തമറിയം വനിത സമാജം, ശ്രീമതി അന്നമ്മ കാച്ചപള്ളിയുടെ മകന്റെ ചികിത്സക്ക് 40000 രൂപ ജൂലൈ മാസം കമ്മററി മീറ്റിംഗിൽ വച്ച് വികാരി ജിജു വർഗ്ഗീസ് അച്ചൻ അന്നമ്മയ്ക്ക് കൈമാറി.

### ഇടവക പെരുന്നാൾ

പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പുപെരുന്നാൾ ആഗസ്റ്റ് 14, 15 തീയതികളിൽ കൊണ്ടാടുന്നതാണ്. 14-ാം തീയതി ഞായറാഴ്ച വൈകിട്ട് 6 മണിക്ക് സന്ധ്യാനമസ്ക്കാരവും, തുടർന്ന റാസയും, 15-ാം തീയതി രാവിലെ 6.45 ന് കുർബ്ബാനയും തുടർന്ന് നേർച്ചവിളമ്പും ഉണ്ടായിരിക്കും. എല്ലാവരുടേയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

### വി. കുർബ്ബാന സമയം

| | |
|---|---|
| എളംകുളം ചാപ്പൽ: | Aug. 14 - 10.00 am, Aug. 21 - 07.00 am<br>Aug. 28 - 10.00 am, Sep. 04 - 07.00 am |
| സെമിത്തേരിമുക്ക് ചാപ്പൽ: | Aug. 14 - 07.30 am, Aug. 28 - 07.30 am<br>**എല്ലാ ശനിയാഴ്ചയും വി. കുർബ്ബാന 6.45 am** |

### പ്രാർത്ഥനാ യോഗങ്ങൾ

**St. George Unit** *(Kaloor Area)*
*07-08-2016 - 4 pm*
ശ്രീമതി **മറിയാമ്മ ബാബു**
ക്രിസ്‌വില്ല, കൊട്ടാരത്തിൽ ലെയിൻ
എളമക്കര, പുതുക്കലവട്ടം.
Ph: 2531922, Mob: 9446638922

**St. Thomas Unit** *(North-Pachalam Area)*
*21-08-2016 - 4 pm*
ശ്രീ. **ജോയ്സൻ പി.കെ.ഒ.**
പുലിക്കോട്ടിൽ, എൻ.കെ.എസ്.
റോഡ്, കൊച്ചി 682 023
Ph: 2401010, Mob: 9846072900

**St. Gregorios Unit** *(Elamkulam-Kadavanthra Area) 28-08-2016 - 4 pm*
ശ്രീ. **തങ്കച്ചൻ**
മേപ്പുറത്ത്, 31/989 ബി., കുഞ്ഞൻവാവ
റോഡ്, പൊന്നുരുന്നി, വൈറ്റില 682 019
Ph: 2304044, Mob: 94470 31812